(ബി) ഈ സംഖ്യ ലഭിക്കാത്തതുകൊണ്ട് പല കരാറുകാരും പുതിയ പ്രവർത്തികൾ ഏറ്റെടുക്കാൻ വിസമ്മതിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെള്ളപ്പൊക്കദുരിതാശ്വാസ വർക്കിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പണികൾ പൂർത്തിയായിട്ടുണ്ടോ? ആ വകയിൽ കൊടുത്തു തീർക്കാൻ ബാക്കിയുള്ള സംഖ്യ എത്ര;

(ഡി) പൊതുമരാമത്ത് വകുപ്പു 1985–86–ൽ കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാൻ എത്ര സംഖ്യ കൂടിശ്ശിക വരുത്തിയിട്ടുണ്ട്;

(ഇ) കരാറുകാർക്ക് കൊടുത്തു തീർക്കാൻ ബാക്കിയുള്ള സംഖ്യ എത്ര നാളുകൊണ്ടകം കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) 1910.19 ലക്ഷം രൂപ

(ബി) ഇല്ല

(സി) ചില പണികൾ പൂർത്തിയായിട്ടില്ല. ആ വകയിൽ കൊടുത്തു തീർക്കാനുള്ള സംഖ്യ 86.82 ലക്ഷം രൂപയാകുന്നു.

(ഡി) 1910.19 ലക്ഷം രൂപ.

(ഇ) ഈ വർഷം കൊടുത്തു തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേരള ജല–മലിനജല അതോറിറ്റിയിലെ നിയമനങ്ങൾ

* 37 [37] ശ്രീ. സി.കെ. തങ്കപ്പൻ:

,, വർക്കല രാധാകൃഷ്ണൻ:

,, ഇ. പത്മനാഭൻ:

ശ്രീമതി കെ.ആർ. ഗൗരി:

ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല–മലിനജല അതോറിറ്റി രൂപീകരിച്ച ശേഷം നടന്ന നിയമനങ്ങൾ എത്രയാണ്; അതിൽ പെൻഷൻപറ്റിപിരിഞ്ഞ എത്ര പേർക്കാണ് പുനർനിയമനം നൽകിയിട്ടുള്ളത്;

(ബി) 1–4–1984–നു ശേഷം എച്ച്.ആർ. വ്യവസ്ഥയിൽ എത്ര പേരുടെ സേവനം അതോറിറ്റിയിൽ ഉപയോഗിക്കുന്നുണ്ട്. ഇതിനുവേണ്ടി ചെലവാക്കിയിട്ടുള്ള തുകയെത്ര;

(സി) ജല–മലിനജല അതോറിറ്റിയിൽ നടന്ന നിയമനങ്ങളെപ്പറ്റിച്ച് സമഗ്രമായ ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ;

(ഡി) വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ വിവിധ തസ്തികകളിലേക്ക് നിലവിലിരിക്കുന്ന സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരള ജല–മലിന ജല അതോറിറ്റി നിലവിൽ വന്നതിനു ശേഷം ആകെ നടന്ന നിയമനങ്ങളുടെ തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(എഫ്) ഇതിലെ നിയമനം പി.എസ്.സി.യ്ക്ക് വിടാതിരിക്കാനുള്ള കാരണമെന്താണ്?

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) 1–4–1984–നു ജല–മലിന ജല അതോറിറ്റി നിലവിൽ വന്നശേഷം ആകെ നിയമിച്ചവരുടെ എണ്ണം 289. അതിൽ 31–3–1984 വരെ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്ന 174 ഒഴിവുകളിൽ അതോറിറ്റി നിലവിൽ വന്നതിനുശേഷവും പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ട്. 115 പേരെ നേരിട്ടു നിയമിച്ചിട്ടുണ്ട്. റിട്ടയർ ചെയ്ത 3 പേർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(ഡി) ലോവർ ഡിവിഷൻ ക്ലാർക്ക് ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നീ വിഭാഗങ്ങളിലേക്കുള്ള നിയമനത്തിന് ഉള്ള ലിസ്റ്റ് അതോറിറ്റി 11–12–1985–ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റുള്ള തസ്തികകളിലേക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(എഫ്) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അഡീഷണൽ ഫംഗ്ഷൻസ് ഭേദഗതിചെയ്ത് അതോറിറ്റിയെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാത്തതുമൂലം നിയമനം പി.എസ്.സി. മുഖാന്തിരം നടത്തുവാൻ കഴിയുകയുണ്ടായില്ല.

കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷൻ

* 38 [38] ശ്രീ. കെ. മുസ്സക്കുട്ടി:

,, എസ്. ഗോവിന്ദക്കുറുപ്പ്:

,, ജി. വരദൻ:

,, കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) കോർപ്പറേഷൻ 1984–85, 1985–86–ൽ ഏറ്റെടുത്തപണികൾ എന്തെല്ലാം;

(സി) ഇവയിൽ ഏതെല്ലാം പൂർത്തിയായി;

(ഡി) ഗവൺമെന്റിന്റെ ഏതെല്ലാം വർക്കുകളാണ് യു.പി. കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുള്ളത്; മൊത്തം എത്ര കോടി രൂപയുടെ വർക്കുകൾ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ല

6. കൊണ്ടോട്ടി
7. മേപ്പാടം

തൃശ്ശൂർ ജില്ല

8. മാള
9. മുണ്ടത്തിക്കോട്

പാലക്കാട് ജില്ല

10. മണ്ണാർക്കാട്
11. അകത്തേത്തറ

ലോ കോളേജ്

കണ്ണൂർ
തൃശ്ശൂർ

അറബിക് കോളേജ്

കരിങ്ങനാട്, ഒറ്റപ്പാലം

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 37 (37) കാണുക]

31–3–1984 വരെ പി. എച്ച് ഇ. ഡി. യിൽ ഉണ്ടായിരുന്ന ഒഴിവുകളിൽ നേരത്തേ നിലവിലുണ്ടായിരുന്ന പി. എസ്. സി. ലിസ്റ്റുകളിൽനിന്നും അതോറിറ്റി നിലവിൽ വന്ന 1–4–1984–ന് ശേഷം താഴെ കൊടുത്തിട്ടുള്ള വിവിധ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

	തസ്തികയുടെ പേര്	എണ്ണം
1.	അസിസ്റ്റൻറ് എൻജിനീയർ	3
3.	ക്രാഫ്റ്റ്സ്മാൻ ഗ്രേഡ് I	8
4.	ഇലക്ട്രീഷൻ	2
5.	ഫിറ്റർ	3
6.	സർവേയർ	8
7.	ഓപ്പറേറ്റർ	3
7.	ലോവർ ഡിവിഷൻ ക്ലർക്ക്	85
8.	പ്യൂൺ	34
9.	ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	28
	മൊത്തം	174

LIBRARY ARCHIVES Kerala Legislative Assembly

കേരള ജല-മലിനജല അതോറിറ്റി നിലവിൽ വന്ന 1-4-1984-നു ശേഷം അതോറിറ്റി നേരിട്ട് നടത്തിയിട്ടുള്ള നിയമനങ്ങളുടെ കണക്ക് തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

	തസ്തികകളുടെ പേര്	എണ്ണം
1.	ലോവർ ഡിവിഷൻ ക്ലാർക്ക്	56
2.	ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	18
3.	പ്യൂൺ	23
4.	കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്	4
5.	ഫൈനാൻസ് മാനേജർ ആൻറ് ചീഫ് അക്കൗണ്ട്സ് ആഫീസർ	1
6.	അക്കൗണ്ട്സ് മാനേജർ	1
7.	അഡ്വൈസർ (ഭരണം)	1
8.	അഡ്വൈസർ (ധനകാര്യം)	1
9.	സെക്രട്ടറി	1
10.	പ്രൈവറ്റ് സെക്രട്ടറി ടു ചെയർമാൻ	1
11.	പബ്ലിക് റിലേഷൻസ് ഓഫീസർ	1
12.	റിസപ്ഷനിസ്റ്റ്	1
13.	ഡ്രൈവർ	4
14.	അസിസ്റ്റൻറ് ജിയോളജിസ്റ്റ്	1
15.	അസിസ്റ്റൻറ് ജിയോഫിസിസ്റ്റ്	1
	മൊത്തം	115

അനുബന്ധം III

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 38 (3വ) കാണുക.]

LIST OF WORKS TAKEN UP DURING 1984-85

	Name of work	*Contract amount* Rs.
1.	Secretariat Canteen	6.18 lakhs
2.	Administrative Block Raj Bhavan	6.38 ,,
3.	Priyadarsini Institute of Para Medical Science, Medical College, Trivandrum. (Ground, 1st and 2nd floor)	60.00 ,,
4.	Auditorium-cum-Examination Hall, Trivandrum.	39.67 ,,
5.	Construction of additional Hostel Block for Women Medical College, Trivandrum.	25.50 ,,
6.	L.I.C. Building additional floors, Quilon.	13.87 ,,
7.	Renovation of Semi Permanent Shed Youth Complex, Trivandrum.	2.21 ,,

LIBRARY ARCHIVES Kerala Legislative Assembly